വൈദ്യുതി ബോർഡിൽ നിലവിലുള്ള മസ്ദൂർ റാങ്ക് ലിസ്റ്റ്

44 (2322) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി ബോർഡിൽ നിലവിലുള്ള വർക്കർ (മസ്ദൂർ) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഒഴിവുണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നു.

വൈദ്യുതി ബോർഡിൽ ഓവർസീയർ റാങ്ക് ലിസ്റ്റ്

45 (2323) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 20-1-2000-ൽ നിലവിൽ വന്ന വൈദ്യുതി ബോർഡിലെ ഓവർസീയർ (സിവിൽ) റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടുണ്ട് ; ജോലിയിൽ പ്രവേശിക്കാത്ത ഒഴിവുകൾ (എൻ.ജെ.ഡി.) വീണ്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് കാലാവധി നീട്ടിയ ലിസ്റ്റുകളിൽ ഉൾപ്പെടുത്തണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ നികത്താനുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 84 പേർക്ക്.

(ബി) 64 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അതിലെ 10 എൻ.ജെ.ഡി. വേക്കൻസികളിൽ കോടതി വിധിപ്രകാരം ഒരു എൻ.ജെ.ഡി. വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഒഴിവുകൾ നികത്താനില്ല.

വൻകിട-ഇടത്തരം ജലസേചന പദ്ധതികൾ

46 (2324) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന വൻകിട-ഇടത്തരം, ചെറുജലസേചന പദ്ധതികൾ ഏതെല്ലാമാണ് ; ഇവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണം വൈകിയതുമൂലം പ്രസ്തുത പദ്ധതികളുടെ നിർമ്മാണ ചെലവിൽ ആസൂത്രണം ചെയ്തിരുന്നതിനേക്കാൾ എത്ര തുകയുടെ വർദ്ധനവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) രൂപരേഖ തയ്യാറാക്കിയ ശേഷം ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം ; ഇവ ഓരോന്നിന്റേയും നിർമ്മാണം ആരംഭിക്കാത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; ഇവയിൽ വിവിധോദ്ദേശ്യ പദ്ധതികൾ ഏതെല്ലാമാണ് ;

(ഡി) കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമുള്ള പദ്ധതികൾ ഏതെല്ലാമാണ് ; ഇവയിൽ ഏതിനെല്ലാം പ്രസ്തുത ക്ലിയറൻസ് ഇതിനകം ലഭിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നിർമ്മാണം പുരോഗമിക്കുന്ന വൻകിട, ഇടത്തരം പദ്ധതികളുടെ വിവരം താഴെ കാണുംപ്രകാരമാണ് :-

	പദ്ധതിയുടെ പേര്	ആരംഭിച്ച വർഷം
1.	റഗുലേറ്റർ-കം-ബ്രിഡ്ജ്, ചമ്രവട്ടം	1983
2.	റഗുലേറ്റർ-കം-ബ്രിഡ്ജ്, തൃത്താല	1999
3.	കുരിയാർകുറ്റി-കാരപ്പാറ	1995
4.	കാരാപ്പുഴ	1977
5.	ബാണാസുരസാഗർ	2000
6.	അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതി	1970
7.	കാഞ്ഞിരപ്പുഴ	1961
8.	പഴശ്ശി	1961
9.	മൂവാറ്റുപുഴ	1974
10.	ഇടമലയാർ	1981
11.	കല്ലട	1961

ചെറുകിട ജലസേചന പദ്ധതികളുടെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണം വൈകിയതുമൂലം അധികതുക ചെലവഴിച്ച പദ്ധതികളുടെ വിവരം താഴെകാണും പ്രകാരമാണ് :

	പദ്ധതിയുടെ പേര്	അധികമായി നാളിതുവരെ ചെലവഴിച്ചത്
1.	കാഞ്ഞിരപ്പുഴ	10812.79 ലക്ഷം
2.	കാരാപ്പുഴ	18236.26 ലക്ഷം
3.	പഴശ്ശി	15178.97 ലക്ഷം
4.	കല്ലട	64670 ലക്ഷം
5.	ഇടമലയാർ	7805 ലക്ഷം
6.	മൂവാറ്റുപുഴ	35792 ലക്ഷം

(സി) 1. റഗുലേറ്റർ-കം-ബ്രിഡ്ജ് ചമ്രവട്ടം പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ഒരു അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

2. അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ "എൻവയോൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ്" പഠനം പൂർത്തിയാക്കിയ ശേഷം പുനരാരംഭിക്കുന്നതാണ്.

3. കുറിയാർകുറ്റി-കാരപ്പാറ പദ്ധതി ഒരു വിവിധോദ്ദേശ്യ പദ്ധതിയാണ്. പ്രവർത്തനം പുരോഗമിച്ചുവരുന്നു.

4. വാമനപുരം ജലസേചന പദ്ധതി. ഫണ്ടിന്റെ അപര്യാപ്തതയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസവുമാണ് കാരണം.

(ഡി) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്, കുറിയാർകുറ്റി-കാരപ്പാറ പദ്ധതി എന്നീ പദ്ധതികൾക്ക് നാളിതുവരെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിട്ടില്ല.

പ്രോജക്ട് രണ്ടിന്റെ കീഴിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും ആവശ്യം വേണ്ടിടത്ത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്.

സ്റ്റോറേജ് കപ്പാസിറ്റി കുറഞ്ഞിട്ടുള്ള ജലസംഭരണികൾ

47 (2325) ശ്രീ. എം. മുരളി :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് [illegible] മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളുടെ ജലസംഭരണികളിലെ സ്റ്റോറേജ് കപ്പാസിറ്റി കുറഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly